# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3163 | 18/10/2016-ൽ മറുപടിക്ക്

## കാസർകോഡ് നിയോജകമണ്ഡലത്തിലെ സെക്ഷൻ ഓഫീസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ മന്ത്രി) |
| (എ) | കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ എത്ര സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഓരോ സെക്ഷൻ ഓഫീസുകളുടെയും കീഴിലുള്ള കൺസ്യൂമർമാരുടെ എണ്ണം എത്രയാണെന്നും വ്യക്തമാക്കുമോ; | (എ) | കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ 5 സെക്ഷൻ ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെക്ഷൻ ഓഫീസുകളുടെ പേര്, കൺസ്യൂമർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു.<br>കാസർഗോഡ് - 21738 എണ്ണം<br>നെല്ലിക്കുന്ന് - 26701 "<br>ചെർക്കള - 24842 "<br>ബദിയടുക്ക - 22320 "<br>മുള്ളേരിയ - 17821 " |
| (ബി) | പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ; | (ബി) | നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000 ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000 ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണ ഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അനുവദിക്കുന്നത്. |
| (സി) | കാസർഗോഡ് മണ്ഡലത്തിൽ വേണ്ടത്ര സെക്ഷൻ ഓഫീസുകൾ ഇല്ലാത്തതിനാൽ ദൂരദിക്കുകളിൽനിന്ന് പല ആവശ്യങ്ങൾക്കായി സെക്ഷൻ ഓഫീസിൽ എത്തുന്ന ജനങ്ങൾ | (സി) & (ഡി) | ഉണ്ട്. ഉപഭോക്താക്കൾക്ക് പ്രധാനമായും ഇലക്ട്രിസിറ്റി ഓഫീസുകളുമായി ബന്ധപ്പെടേണ്ടി വരുന്നത് വൈദ്യുത ചാർജ്ജ് അടയ്ക്കുന്നതിനാണ് കേരളത്തിലെ എല്ലാ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസു |

| | | | |
|---|---|---|---|
| | അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | കളും ഒരുമ നെറ്റ് സംവിധാനവുമായി ബന്ധിപ്പിച്ചതിനെ തുടർന്ന് പണമിടപാടുകൾ ഏത് ഓഫീസുകളിലും പുറമെ ഇന്റർനെറ്റ്/നെറ്റ് ബാങ്കിംഗ് സൗകര്യങ്ങളിലൂടെയും ഇപ്പോൾ ചെയ്യാവുന്ന സാഹചര്യമുണ്ട്. കേരളത്തിൽ ആകെ 941 ഗ്രാമപഞ്ചായത്തുകളും 87 മുൻസിപ്പൽ കോർപ്പറേഷനുകളും 6 കോർപ്പറേഷനുകളും ഉൾപ്പെടെ 1200 ഓളം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളാണ് നിലവിലുള്ളത്. ആകെ 778 സെക്ഷൻ ഓഫീസുകൾ ആണ് ബോർഡ് അനുവദിച്ചിട്ടുള്ളത്. ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം നിലവിലില്ല. കൂടാതെ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവ ശേഷി ആവശ്യമായി വരുന്നതിനാലും, പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും ഇപ്പോൾ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണം ബോർഡ് പരിശോധിച്ചു വരികയാണ്. |
| (ഡി) | സെക്ഷൻ ഓഫീസുകളിൽ എത്തിച്ചേരാനുള്ള കൺസ്യൂമർമാരുടെ പ്രയാസം ദൂരീകരിക്കുന്നതിന് ഒരു പഞ്ചായത്തിൽ ഒരു സെക്ഷൻ ഓഫീസ് എന്ന മാനദണ്ഡം ഈ കാര്യത്തിൽ പാലിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ